പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 5278

05-07-2012 – ൽ മറുപടിയ്ക്ക്

## വനസംരക്ഷണ സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ. എം.പി.വിൻസെന്റ്**<br>**ശ്രീ.പാലോട് രവി** | **ശ്രീ.കെ. ബി.ഗണേഷ്കുമാർ**<br>**(വനവും സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി)** |
| (എ) വന സംരക്ഷണ പ്രവർത്തന ങ്ങൾക്കായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) വന സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് ജണ്ടകൾ, കയ്യാല എന്നിവ വനത്തിനുള്ളിലെ സെറ്റിൽമെന്റ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ബീറ്റ്, സെക്ഷൻ, റെയിഞ്ച് തലത്തിൽ നിരന്തരമായി റോന്ത് ചുറ്റൽ നടത്തുന്നുണ്ട്. ഉൾവനങ്ങളിൽ സംരക്ഷണ ക്യാംപുകൾ സംഘടിപ്പിക്കുന്നുണ്ട്. മൃഗവേട്ട തടയുന്നതി നായി ആന്റി പോച്ചിംങ് ക്യാമ്പുകൾ നടത്തിവരുന്നു. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കു വാനും, കേസ് യഥാസമയം ചാർജ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫോറസ്റ്റ് ഗാർഡ് തലംവരെയുള്ള ഉദ്യോഗ സ്ഥർക്ക് മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. കൂടാതെ വന സംരക്ഷണം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വെടിക്കോപ്പുകൾ, വയർലസ്സ് സെറ്റുകൾ, പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റുകൾ (പി.ഡി.എ) തുടങ്ങിയ ആധുനിക ഉപകരണങ്ങളും വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് |

ഘട്ടംഘട്ടമായി നൽകിവരുന്നു. വനപ്രദേശങ്ങളിലെ കാട്ടുതീ നിയന്ത്രണത്തിനായി ഫയർലൈൻ തെളിക്കുകയും, ഫയൽ പ്രൊട്ടക്ഷൻ ഗ്യാങ്ങുകളെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്.

വന സംരക്ഷണ പ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ 2002 മുതൽ പങ്കാളിത്ത വന പരിശീലനം നടപ്പിലാക്കിവരുന്നു. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിറ്റോറിയൽ വനം ഡിവിഷനുകളിൽ വന സംരക്ഷണ സമിതികളും, വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടുന്ന സംരക്ഷിത മേഖലകളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 369 വന സംരക്ഷണ സമിതികളും 189 ഇക്കോ ഡെവലപ്പ്ന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. വനങ്ങളിൽ കാട്ടുതീ, കുറ്റകൃത്യങ്ങൾ എന്നിവ തടയുന്ന പ്രവർത്തനങ്ങളിലും വി.എസ്.എസ്/ഇ.ഡി.സി കളുടെ സജീവ പങ്കാളിത്തം ഉണ്ടാകുന്നുണ്ട്. കൂടാതെ വനത്തിനുള്ളിലെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനും വനത്തിനുള്ളിൽ നടക്കുന്ന നിയമവിരുദ്ധ നടപടികൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയും ആദിവാസികൾ ഉൾപ്പെടേയുള്ള വനാശ്രിത സമൂഹത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വനം, പോലീസ്, റവന്യു, ട്രൈബൽ ഡെവലപ്മെന്റ് എന്നീ വകുപ്പുകളും വന സംരക്ഷണ സമിതികളും, പരിസ്ഥിതി സംരക്ഷണ സമിതികളും സർക്കാരിതര സംഘടനകളും ഉൾപ്പെടുന്ന വനമേഖല ജാഗ്രതാ സമിതികൾ രൂപീകരികകുവാൻ 21-06-2012 ലെ ജി.ഒ (എം.എസ്)/69/12/വനം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവഴി വന സംരക്ഷണത്തിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നുണ്ട്.

(ബി) ഇതിനായി രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) വന സംരക്ഷണം ജന പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുക, ഇതുവഴി വനാശ്രിത സമൂഹത്തിന്റെ ജീവിതോപാധി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വനവൽക്കരണ പരിപാടികളായ ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ ബാംബൂ മിഷൻ സ്കീം, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, സർക്കാർ-സർക്കാരിതര ഏജൻസികളിൽ നിന്നും വനവൽക്കരണ പരിപാടികൾക്കുള്ള ഫണ്ട് നേരിട്ട് സ്വീകരിക്കുന്നതിനുമായി സംസ്ഥാന വന വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വനപ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള ഇക്കോ ടൂറിസം പദ്ധതികൾ വിഎസ്.എസ്/ഇ.ഡി.സി വഴിയാണ് നടപ്പിലാക്കുന്നത്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സന്ദർശകരിൽ നിന്നും ഈടാക്കുന്ന സർവ്വീസ് ചാർജ് സമാഹരിച്ച് റിവർ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫണ്ട് (ആർ.എഫ്.പി.എഫ്) രൂപീകരിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ നിന്നുള്ള തുക പ്രസ്തുത ഇക്കോടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ഇക്കോടൂറിസം കേന്ദ്രത്തിൽ ഗൈഡുകളായി ജോലിചെയ്യുന്ന വി.എസ്.എസ്/ഇ.ഡി.എസ് അംഗങ്ങൾക്ക് വേതനം നൽകുവാനും ഉപയോഗിക്കുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സമിതികൾക്ക് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്? | (സി) | ദേശീയ വനവൽക്കരണ പരിപാടി നടപ്പിലാക്കുന്നതുവഴി ലഭിക്കുന്ന എൻട്രി പോയിന്റ് ആക്ടിവിറ്റി (ഇ.പി.എ) വഴി വനാശ്രിത സമൂഹത്തിന്റെ പൊതു ആസ്തികൾ ഉണ്ടാക്കുവാനുള്ള ധനസഹായവും നൽകുന്നു. വനാശ്രിത സമൂഹത്തിന്റെ പ്രധാന ജീവിതോപാധി ചെറുകിട വന വിഭവ ശേഖരണവും വിപണനവുമാണ്. ചെറുകിട വിനവിഭവങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന ലാഭം അവ ശേഖരിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിനും ലഭിക്കത്തക്കവിധത്തിലാണ് സംവിധാനം ചെയ്തിട്ടുള്ളത്. വന സംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് ശാസ്ത്രീയമായ വന വിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ വന വികാസ ഏജൻസികൾ വഴി പരിശീലനം നൽകുന്നുണ്ട്. കൂടാതെ ചെറുകിട വനവിഭവങ്ങളുടെ വിപണനം നടത്തിവരുന്ന വനശ്രീ ഇക്കോഷോപ്പുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ആധുനിക വൽക്കരി ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ ബാംബൂ മിഷൻ സകീം, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി എന്നിവ വഴി കൂടുതൽ ഫണ്ട് ലഭ്യമാക്കി വനവൽക്കരണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും അതിലൂടെ വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇക്കോടൂറിസം പദ്ധതികളിലൂടെ വി.എസ്.എസ്/ ഇ.ഡി.സി അംഗങ്ങൾക്ക് കൂടുതൽ തൊഴില വസരങ്ങൾ നൽകുവാൻ കഴിയുന്നു. വി.എസ്. |

എസ്റ്റുകൾ നട്ടുവളർത്തി പരിപാലിച്ചുവരുന്ന തോട്ടങ്ങളിലെ വനവിഭവങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ 10% വി.എസ്. എസ്റ്റുകൾക്ക് അവകാശപ്പെട്ടതാണ്.

സെക്ഷൻ ഓഫീസർ